Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/2025/1234 (22) തീയതി : 10.04.2025

## സർക്കുലർ

**വിഷയം :- കൈറ്റ് - എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലെ നവീകരിച്ച ഐ.സി.ടി പാഠപുസ്തകം അടിസ്ഥാനമാക്കിയുള്ള അധ്യാപക പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ (സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.19

2. സ.ഉ (സാധാ) നം. 2182/2025/GEDN തീയതി 22.03.2025

സംസ്ഥാനത്തെ ഹൈസ്കൂൾ വിഭാഗം അധ്യാപകർക്ക് നവീകരിച്ച ഐ.സി.ടി. പാഠപുസ്തകം അടിസ്ഥാനമാക്കിയുള്ള പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ 2024-25 അധ്യയന വർഷത്തിൽ നൽകേണ്ടതാണെന്ന് സൂചന 2 ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. സൂചന 1 ഉത്തരവ് പ്രകാരം സ്കൂൾ ഐടി കോ-ഓർഡിനേറ്റർമാർക്കും അധ്യാപകർക്കും ഐടി പരിശീലനം കൈറ്റിന്റെ ചുമതലയിൽ നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലെ നവീകരിച്ച ഐ.സി.ടി പാഠപുസ്തകം അടിസ്ഥാനമാക്കി സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ അനുസരിച്ച് പരിശീലനം ക്രമീകരിക്കേണ്ടതാണ്.

1. പത്താം ക്ലാസ് ഐ.സി.ടി. പാഠപുസ്തകം അടിസ്ഥാനമാക്കി 5 ദിവസത്തെ പരിശീലനം (2+1+2) മൂന്ന് ഘട്ടങ്ങളായി നൽകേണ്ടതാണ്, രണ്ടു ദിവസത്തെ ഒന്നാം ഘട്ട പരിശീലനം മധ്യവേനലവധിക്കാലത്ത് ക്രമീകരിക്കേണ്ടതാണ്.

2. എട്ട്, ഒൻപത് ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകം അടിസ്ഥാനമാക്കിയുള്ള അധ്യാപക പരിശീലനം രണ്ട് ദിവസം വീതമുള്ള രണ്ട് ഘട്ടങ്ങളായി നടത്തേണ്ടതാണ്. രണ്ടു ദിവസത്തെ ഒന്നാംഘട്ട പരിശീലനം മധ്യവേനലവധിക്കാലത്ത് ക്രമീകരിക്കേണ്ടതാണ്.

3. കൈറ്റ് ലഭ്യമാക്കുന്ന മൊഡ്യൂൾ അടിസ്ഥാനമാക്കി മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ഒരു ബാച്ചിൽ പരമാവധി 25 അധ്യാപകർക്ക് 2 ആർ.പി.മാർ എന്ന ക്രമത്തിലാണ് പരിശീലനം ക്രമീകരിക്കേണ്ടത്.

4. പരിശീലനത്തിൽ പങ്കെടുക്കുന്നവർ www.kite.kerala.gov.in-ലെ Training Management System-ൽ അതത് സ്കൂൾ പ്രഥമാധ്യാപകർ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. പത്താം ക്ലാസ് ഐ.സി.ടി. പാഠപുസ്തകം അടിസ്ഥാനമാക്കിയുള്ള പരിശീലനത്തിന് മുന്നോടിയായുള്ള ഡി.ആർ.ജി പരിശീലനം ഏപ്രിൽ 19 നകവും എട്ട്, ഒൻപത് ക്ലാസുകളുടെ ഐ.സി.ടി. പാഠപുസ്തകം അടിസ്ഥാനമാക്കിയുള്ള പരിശീലനത്തിന് മുന്നോടിയായുള്ള ഡി.ആർ.ജി പരിശീലനം മെയ് 3-നകവും ക്രമീകരിക്കേണ്ടതാണ്.

VICTERS The Complete Educational Channel victers.kite.kerala.gov.in

Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in

www.kite.kerala.gov.in
(CIN : U74999KL2017NPL049848)

6. ഡി.ആർ.ജി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരെ മാത്രം പരിശീലനത്തിന് റിസോഴ്സ് പേഴ്സൺമാരായി നിയോഗിക്കേണ്ടതാണ്.

7. ഡി.ആർ.ജി. പരിശീലനം നേടിയ റിസോഴ്സ് പേഴ്സൺമാരുടെ പേരുവിവരം ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ജില്ലാ ലോഗിനിൽ നിന്നും ഉൾപ്പെടുത്തേണ്ടതാണ്. ഇങ്ങനെ ഉൾപ്പെടുത്തുന്ന ആർ.പി. മാരെ മാത്രം പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് ഉൾപ്പെടുത്തേണ്ടതാണ്.

8. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9. പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ എല്ലാ ദിവസവും പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

10. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടേയും പരിശീലകരുടേയും ഹാജർ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ് :

എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ-മാർക്കും
സ്റ്റോക്ക് ഫയൽ